**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 538 — 01.12.2015-ലെ മറുപടിയ്ക്ക്

## വിലക്കയറ്റ നിയന്ത്രണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.ഡി.സതീശൻ<br>,, തേറമ്പിൽ രാമകൃഷ്ണൻ<br>,, പി.എ.മാധവൻ<br>,, സി.പി.മുഹമ്മദ് | ശ്രീ.സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) കൺസ്യൂമർ ഫെഡ് മുഖേന വിലക്കയറ്റം നിയന്ത്രിക്കാൻ വിപണി ഇടപെടലിന് പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ; | (എ) കൺസ്യൂമർഫെഡ് മുഖേന വിലക്കയറ്റം നിയന്ത്രിക്കുവാൻ വിപണി ഇടപെടലിനായി പ്രത്യേക പദ്ധതികൾ ഒന്നും തന്നെ പ്രഖ്യാപിച്ചിട്ടില്ല. പൊതുമാർക്കറ്റിലെ വിലവർദ്ധനവ് നിയന്ത്രിക്കുന്നതിനായി പൊതുവിപണിയിൽ നിന്നും 20% വരെ വിലകുറച്ച് നന്മ സ്റ്റോറുകളിലൂടെയും വിലവർദ്ധനവിന് കൂടുതൽ സാദ്ധ്യതയുള്ള ഉത്സവകാലങ്ങളിൽ കൺസ്യൂമർ മേഖലയിലെ അപ്പക്സ് സ്ഥാപനമായ കൺസ്യൂമർ ഫെഡിന്റെ സഹകരണത്തോടെ നടത്തുന്ന സബ്സിഡി വിപണന മേളകളിലൂടെയും അവശ്യസാധനങ്ങൾ വിപണനം നടത്തുന്നതിന് സഹകരണ വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) | പ്രത്യേക പദ്ധതി പ്രഖ്യാപിച്ചിട്ടില്ലാത്തതിനാൽ സഹകരണ വകുപ്പ് കൺസ്യൂമർഫെഡ് മുഖാന്തിരം കാലാകാലങ്ങളിൽ നടത്തിവരുന്ന ഉത്സവ വിപണികളിലൂടെ വിലക്കയറ്റം നിയന്ത്രിക്കുകയും, തൽഫലമായി ഉണ്ടാകുന്ന കൃത്രിമക്ഷാമം ഒഴിവാക്കുകയും, പൊതുജനങ്ങൾക്ക് മിതമായ നിരക്കിൽ അവശ്യനിത്യോപയോഗ സാധനങ്ങൾ പ്രാപ്യമായ സ്ഥലങ്ങളിൽ ലഭ്യമാക്കുകയുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |
| (സി) | പദ്ധതി നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (സി) | കാലാകാലങ്ങളിൽ നടത്തുന്ന സബ്സിഡി വിപണനമേളകൾ സംബന്ധിച്ച് കൺസ്യൂമർഫെഡ് തയ്യാറാക്കുന്ന പ്രോജക്റ്റ് റിപ്പോർട്ട് പരിശോധിച്ച് സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിക്കുകയും സർക്കാർ അംഗീകാരത്തോടെ നടപ്പിലാക്കുകയും ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ